# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *433

05.02.2014 ൽ മറുപടിക്ക്

### പച്ചത്തേങ്ങ സംഭരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പച്ചത്തേങ്ങസംഭരണത്തിന തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) 01-01-2013 മുതൽ കൃഷി ഭവനുകൾ വഴി കർഷകരിൽ നിന്ന് പച്ചത്തേങ്ങ സംഭരണം ആരംഭിച്ചിട്ടുണ്ട്. |
| ബി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇവ സംഭരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) കൃഷി വകുപ്പും, കേരഫെഡും സംയുക്തമായിട്ടാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, പാലക്കാട്, ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കൃഷി ഭവനുകൾ മുഖേന കർഷകരിൽ നിന്ന് നാളികേരം സംഭരിച്ച് കേരഫെഡിന് കൈമാറുന്നു. കേരഫെഡ് പ്രസ്തുത നാളികേരം സംസ്കരിച്ച് കൊപ്രയാക്കിമാറ്റി വെളിച്ചെണ്ണ ഉല്പാദനത്തിനായി ഉപയോഗിക്കുന്നു. |
| സി) എത്ര രൂപ നിരക്കിലാണ് ഇവ സംഭരിക്കുന്നത്; വിശദമാക്കുമോ; | സി) തൊണ്ട് കളഞ്ഞ് വെള്ളത്തോട് കൂടിയ നാളികേരം കിലോയ്ക്ക് 14 രൂപ നൽകിയാണ് സംഭരണം ആരംഭിച്ചത്. വിപണിവില ഉയർന്നതനുസരിച്ച് സംഭരണ വില കിലോയ്ക്ക് 16 രൂപ, 18 രൂപ, 20 രൂപ, 22 രൂപ, 25 രൂപ എന്നീ നിരക്കുകളിലേയ്ക്ക് വർദ്ധിപ്പിക്കുകയുണ്ടായി. കിലോയ്ക്ക് 25 രൂപ നല്കിയാണ് ഇപ്പോൾ സംഭരണം നടത്തുന്നത്. |
| ഡി) പച്ചത്തേങ്ങ സംഭരിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ? | ഡി) പച്ചനാളികേര സംഭരണത്തിന് കൃഷി ഭവൻ തലത്തിൽ ഒരു അക്കൗണ്ടന്റിനെയും രണ്ട് തൊഴിലാളികളെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. സംഭരണ പരിപാടികൾക്ക് മേൽനോട്ടം വഹിക്കാൻ കൃഷി വകുപ്പിൽനിന്ന് ഉദ്യോഗസ്ഥരെ കേരഫെഡിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. അക്കൗണ്ടന്റിന് പ്രതിമാസം 9000 രൂപയും തൊഴിലാളിയ്ക്ക് പ്രതിദിനം 350 രൂപയും വേതനമായി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ